DESPATCHED
22/06/2020
12.5-20.

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1668(7)/2013**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 11206/എസ്.ഐ.സി–ജി 6/13

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.ജോർജ്ജ് കോശി
പേഴുംകാട്ടിൽ ഹൗസ്,
തുമ്പമൺതാഴം
689 625
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
അസി.എക്സിക്യൂട്ടീവ് എഞ്ചി നീയറുടെ കാര്യാലയം
പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം
പത്തനംതിട്ട

2. അപ്പീൽ അധികാരി
അസി.എക്സിക്യൂട്ടീവ് എഞ്ചീനീയർ
പൊതുമരാമത്ത് നിരത്ത് ഉപവിഭാഗം
പത്തനംതിട്ട

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൻമേൽ എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും പൂർണ്ണവും വ്യക്തവുമായ മറുപടി നൽകിയില്ലെന്നും, ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. 07.05.2013–ൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ 04.06.2013 ൽ മറുപടി നൽകുകയും, ടി മറുപടി തൃപ്തികരമല്ലെന്നു

കാണിച്ച് ഹർജിക്കാരൻ 09.06.2013 ൽ അപ്പീൽ അധികാരിക്ക് അപ്പീൽ സമർപ്പിക്കുകയും 10.07.2013-ൽ അപ്പീൽ അധികാരി മറുപടി നൽകുകയും ചെയ്തു.

3. കമ്മീഷനിൽ 17.02.2020 ൽ ലഭിച്ച എസ്.പി.ഐ.ഒയുടെ റിപ്പോർട്ടിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും, അപ്പീലിനും മറുപടി നൽകിയിട്ടുണ്ടെന്നും, പന്തളം-ഓമല്ലൂർ റോഡിൽ തുമ്പമൺ താഴം ഭാഗത്തെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടതെന്നും, ടി ഭാഗത്തെ കയ്യേറ്റം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിലും പത്തനംതിട്ട മുൻസിഫ് കോടതിയിലും കേസുകൾ നിലവിലുണ്ടെന്നും ഇത് സംബന്ധിച്ച് 12.03.2015, 09.01.2017, 06.02.2017, 17.03.2017, 20.12.2018, 01.03.2019, 06.11.2019, 13.12.2019 എന്നീ തീയതികളിൽ ടിയാൻ വിവരാവകാശ അപേക്ഷ നൽകിയിട്ടുണ്ടെന്നും ഇവയ്ക്കെല്ലാം ടി കാര്യാലയത്തിൽ നിന്നും കൃത്യമായ മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്. കൂടാതെ കയ്യേറ്റം സംബന്ധിച്ചുള്ള ഈ ഓഫീസിലെ ഫയൽ ടിയാൻ നേരിട്ട് പരിശോധിച്ചിട്ടുള്ളതും ആതിൽ നിന്നും 12.03.2019 ൽ പകർപ്പുകൾ നൽകിയിട്ടുണ്ടെന്നും, തുടർന്നും ഹർജിക്കാരന് ആവശ്യമുണ്ടെങ്കിൽ ടി ഫയലിലെ വിവരങ്ങൾ നൽകാവുന്നതാണെന്നും നേരിട്ട് പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരൻ 07.05.2013 ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകിയതായും പല തവണകളിലായി ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷകൾക്ക് മറുപടി നൽകിയതായുമുള്ള എസ്.പി.ഐ.ഒ യുടെ റിപ്പോർട്ട് കണക്കിലെടുത്ത് ടി അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേദിവസം 2020 മേയ് 12-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM